LIBRARY ARCHIVES Kerala Legislative Assembly

ഫാദർ ജോസ് ചിറ്റിലപ്പിള്ളി കൊലപാതകം അന്വേഷണം

70 [789] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുത്തിപ്പറമ്പ് പള്ളി വികാരി ഫാദർ ജോസ് ചിറ്റിലപ്പിള്ളി കൊലപാതകം അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മാളയിലെ ഇരട്ടക്കൊലപാതകത്തിലെ പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ കേസന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുത്തിപ്പറമ്പ് പള്ളി വികാരി ഫാദർ ജോസ് ചിറ്റിലപ്പിള്ളി കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ചാലക്കുടി പി. എസ്. ക്രൈം നം. 43604 നമ്പർ കേസിന്റെ (ക്രൈം ബ്രാഞ്ച് ക്രൈം നമ്പർ 358/സി.ആർ/04) അന്വേഷണത്തിൽ ഇതിലെ പ്രതിയായ രഘു എന്നു വിളിക്കുന്ന രഘുകുമാറിനെ അറസ്റ്റു ചെയ്തിട്ടുള്ളതും ശാസ്ത്രീയമായ രീതിയിൽ ഇതിലേക്ക് തെളിവുകൾ ശേഖരിക്കുന്നതിന് ടിയാനെ പോളീഗ്രാഫ്, ബ്രയിൻ മാപ്പിംഗ് ടെസ്റ്റ്, നാർക്കോ അനാലിസിസ് ടെസ്റ്റ് എന്നിവയ്ക്ക് വിധേയനാക്കിയിട്ടുള്ളതുമാണ്. അന്വേഷണത്തിൽ ടിയാൻ തനിച്ചാണ് ഈ കുറ്റകൃത്യം നടത്തിയിട്ടുള്ളതെന്ന് വെളിവായിട്ടുള്ളതാണ്. പ്രതി രഘുകുമാർ തൃശ്ശൂർ, വിയ്യൂർ സബ് ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ ആണ്.

ഈ കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടിവിച്ചിട്ടുള്ളതും ആയത് പ്രകാരം 28-11-2005-ൽ സി.ബി.ഐ. ഉദ്യോഗസ്ഥർ കേസ് ഡയറി പരിശോധിച്ചിട്ടുള്ളതും ആണ്. സി.ബി.ഐ.-യിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ഈ കേസിന്റെ അന്വേഷണം (ക്രൈം നം. 165/സി.ആർ/04) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 3-2-2005-ലെ ഡബ്ലു.പി.(സി)13730/04 ഉത്തരവു പ്രകാരം 26-4-2005-ൽ സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്.

നന്ദിയോട് ജവഹർ നവോദയ വിദ്യാലയത്തിന്റെ പരിസരത്തുണ്ടായിരുന്ന മരം മുറിച്ച സംഭവം

71 [790] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നന്ദിയോട് ജവഹർ നവോദയ വിദ്യാലയത്തിന്റെ പരിസരത്തുണ്ടായിരുന്ന മരം മുറിച്ചു വിറ്റ സംഭവം 2005-ൽ ഉണ്ടായിട്ടുണ്ടോ;

(ബി) അധികാരികളുടെ അറിവോടും സമ്മതത്തോടുമാണോ ഈ മരം വെട്ടൽ നടന്നത്;

(സി) എന്തു വിലയ്ക്കുള്ള എത്ര മരം വെട്ടി നീക്കപ്പെട്ടു;

(ഡി) ഇതിനോടനുബന്ധിച്ച് ആരെയെല്ലാം അറസ്റ്റു ചെയ്തു;

(ഇ) അറസ്റ്റു ചെയ്യപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം എന്തെന്ന് വെളിപ്പെടുത്തുമോ?